പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3583

22.08.2017 ൽ മറുപടിയ്ക്ക്

**ഭിന്നശേഷിക്കാർക്കായി വികലാംഗ ക്ഷേമ കോർപ്പറേഷന്റെ പദ്ധതികൾ**

ചോദ്യം

മറുപടി

ശ്രീ.ജോർജ്ജ്.എം. തോമസ്

ശ്രീ. സി.കെ. ഹരീന്ദ്രൻ.

ശ്രീ. എം. രാജഗോപാലൻ

ശ്രീ. പി.ഉണ്ണി.

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷിക്കാർക്കായി വികലാംഗ ക്ഷേമ കോർപ്പറേഷൻ സ്വയംതൊഴിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ഭിന്നശേഷിക്കാർക്ക് രണ്ട് തരം വായ്പ അനുവദിച്ച് വരുന്നു:-<br><br>1) <u>നാഷണൽ ഹാൻഡിക്കാപ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പാ പദ്ധതി (എൻ.എഫ്.എച്ച്.ഡി.സി)</u><br>ഈ പദ്ധതി പ്രകാരം 50,000/- രൂപയ്ക്ക് മുകളിൽ അനുവദിയ്ക്കുന്ന ലോണിന്റെ 5 ശതമാനം എസ്.സി. എ എന്ന നിലയ്ക്ക് കോർപ്പറേഷൻ നൽകുന്നു. 50,000/- രൂപ വരെയുള്ള വായ്പക്ക് ഓർത്തോ വിഭാഗം, കാഴ്ച / കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 5%, 4.5% പലിശയും (സ്ത്രീകൾക്ക് യഥാക്രമം 4%, 3.5 %) ആണ്. 50,000/- രൂപ മുതൽ 5 ലക്ഷം രൂപ വരെ വായ്പക്ക് ഓർത്തോ വിഭാഗം, കാഴ്ച / കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 6%, 5.5% പലിശയും (സ്ത്രീകൾക്ക് യഥാക്രമം 5%, 4.5 %) ആണ്. 5 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെ വായ്പക്ക് ഓർത്തോ വിഭാഗം, കാഴ്ച / കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 7%, 6.5% പലിശയും (സ്ത്രീകൾക്ക് യഥാക്രമം 6%, 5.5 %) ആണ്. 15 ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ വായ്പക്ക് ഓർത്തോ വിഭാഗം, കാഴ്ച / കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 8%, 7.5% പലിശയും (സ്ത്രീകൾക്ക് യഥാക്രമം 7%, 6.5 %) ആണ്. വായ്പാ തിരിച്ചടവ് കാലാവധി 5 വർഷമായി കോർപ്പറേഷൻ നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ പരമാവധി 25,00,000/- രൂപ വരെ വായ്പ നൽകുന്നതാണ്.<br><br>2) <u>ബാങ്ക് വായ്പാ സബ്സിഡി പദ്ധതി.</u><br>ഈ പദ്ധതി വഴി വിവിധ വിഭാഗത്തിൽ പെട്ട വൈകല്യമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. 20,000/- രൂപ വരെ ലോൺ തുകയുടെ 50% ( പരമാവധി 5000/- രൂപ) സബ്സിഡിയായും 20,001/- മുതൽ 50,000/- രൂപ വരെ ലോൺ തുകയുടെ 30% സബ്സിഡിയായും 50,001/- മുതൽ 1,00,000/- രൂപ വരെ ലോൺ തുകയുടെ 25% ( മിനിമം 15,000/- |

| | |
|---|---|
| | (രൂപ)സബ്സിഡിയായും ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലോൺ തുകയുടെ 20% ( പരമാവധി ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. |
| (ബി) തീവ്രവും അതിതീവ്രവുമായ വൈകല്യമുള്ള, എട്ട് വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ സ്ഥിരനിക്ഷേപം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (ബി) തീവ്രവും അതിതീവ്രവുമായ വൈകല്യമുള്ള, പത്ത് വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ സ്ഥിരനിക്ഷേപം നടത്തുന്ന പദ്ധതി കേരളസംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിലവിലുണ്ട്. ഇത് സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :-<br><br>യോഗ്യത<br>i ) ജന്മനാ 60 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർ<br>ii ) പ്രതിവർഷ കുടുംബ വരുമാനം 60,000/- രൂപയിൽ താഴെ<br><br>iii) ഫണ്ട് റിലീസ് : 18 വയസിനു ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.<br>അപേക്ഷഫോറം കോർപറേഷന്റെ വെബ് സൈറ്റിൽ നിന്നും ലഭ്യമാണ്. ( www.hpwc.kerala.gov.in) |
| (സി) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി പ്രകാരം സ്വയംതൊഴിൽ/വിദ്യാഭ്യാസ വായ്പയായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ഈ പദ്ധതി പ്രകാരം വായ്പ എടുത്ത ബി.പി.എൽ. വിഭാഗത്തിന് വായ്പാ സബ്സിഡി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (സി) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാപദ്ധതി പ്രകാരം സ്വയംതൊഴിൽ / വിദ്യാഭ്യാസ വായ്പക്കായി കേരളസംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി 28.27 കോടി രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വായ്പ എടുത്ത ബി.പി.എൽ വിഭാഗത്തിന് മാനദണ്ഡങ്ങൾക്ക് വിധേയമായി വായ്പാ സബ്സിഡി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ